ഭരണഭാഷ-മാതൃഭാഷ

**<u>മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,</u>**

**<u>തിരുവനന്തപുരം</u>**

**<u>ഹാജർ: ഡോ എം സി റെജിൽ ഐ എ എസ്</u>**

**മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി വെറ്ററിനറി ഡിസ്പെൻസറിയിലെ അറ്റൻഡന്റ് ശ്രീമതി. സരിത പി യ്ക്ക് കോഴിക്കോട് ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിയ്ക്കുന്നത്- ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.**

| | |
|---|---|
| നമ്പർ - AHD/4690/2024-K1 | തീയതി:19-01-2026 |

പരാമർശം: 1) പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 18/06/2024 തീയതിയിലെ DAHO/PLKD/180/2024-B2 നമ്പർ കത്ത്.

2) കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 29/08/2025 ലെ DAHO/KKD/1125/2025 X നമ്പർ കത്ത്

3) G.O(P) No 36/91/P&ARD Dtd: 02/12/1991

4) G.O(P) No 03/2017/P&ARD Dtd: 25/02/2017

5) G.O(P) No 01/2019/P&ARD Dtd: 30/01/2019

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ നെല്ലിയാംപതി വെറ്ററിനറി ഡിസ്പെൻസറിയിലെ അറ്റൻഡന്റ് ശ്രീമതി. സരിത പി യ്ക്ക് കോഴിക്കോട് ജില്ലയിലേക്ക് അന്തർ ജില്ല സ്ഥലം മാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അയച്ച് തന്നിരുന്നു.

കോഴിക്കോട് ജില്ലയിൽ അന്തർ ജില്ല സ്ഥലം മാറ്റത്തിന് പരിഗണിക്കാവുന്ന ഒരു ഒഴിവ് ഉള്ളതായി പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഈ വിഷയം വിശദമായി പരിശോധിച്ചതിൽ കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസിലെയും പരാമർശം (3), (4), (5) ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ശ്രീമതി. സരിത പി യ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

മേൽസാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ നെല്ലിയാംപതി വെറ്ററിനറി ഡിസ്പെൻസറിയിലെ അറ്റൻഡന്റ് ശ്രീമതി. സരിത പി യ്ക്ക് പരാമർശം (3), (4), (5) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ജില്ലയിലേക്ക് അന്തർ ജില്ല സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ശ്രീമതി. സരിത പി അറ്റൻഡന്റിനെ നെല്ലിയാംപതി വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും , ടിയാൾ നിശ്ചിത സമയപരിധിക്കകം കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുമ്പാകെ ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്.

ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ കോഴിക്കോട് ജില്ലയിൽ അറ്റൻഡന്റ് തസ്തികയിൽ ഒഴിവുള്ള സ്ഥാപനത്തിലേക്ക് നിയമിച്ച് വിവരം കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പാലക്കാട് ജില്ലയിലെ നെല്ലിയാംപതി വെറ്ററിനറി ഡിസ്പെൻസറിയിലെ അറ്റൻഡന്റ് ശ്രീമതി. സരിത പി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ കോഴിക്കോട് ജില്ലയിലെ അറ്റൻഡന്റ് തസ്തികയിലെ അപ്രൂവ്ഡ് പ്രൊബേഷണർമാരിൽ ഏറ്റവും ജൂനിയറായിരിക്കും.

ശ്രീമതി. സരിത പി ജോലിയിൽ പ്രവേശിക്കുന്ന സമയം അന്തർ ജില്ല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ അറ്റൻഡന്റ് തസ്തികയിലെ നിയമനം സ്വീകരിക്കുന്നതാണെന്നും കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ജില്ലയിലെ അറ്റൻഡന്റ് തസ്തികയിലെ അപ്രൂവ്ഡ് പ്രൊബേഷണർമാരിൽ ഏറ്റവും ജൂനിയറായ ആളുടെ ജൂനിയറായി കണക്കാക്കുന്നതിന് സമ്മതമാണെന്നും നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി വിഷയത്തിൽ ഭാവിയിൽ യാതൊരു അവകാശവാദങ്ങൾ ഉന്നയിക്കുകയോ വ്യവഹാരങ്ങളിൽ ഏർപ്പെടുകയോ ചെയ്യുകയില്ലായെന്നുമുള്ള സമ്മതപത്രം ടിയാളിൽ നിന്നും ആവശ്യപ്പെടേണ്ടതും, സേവനപുസ്തകത്തിൽ പതിച്ച് സൂക്ഷിക്കേണ്ടതും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പരിശോധനാ സമയത്തോ തുടർന്നുള്ള കാലയളവിലോ അപേക്ഷകയുടെ ഭാഗത്തു നിന്നും

വസ്തുതാപരമായ എന്തെങ്കിലും വിവരങ്ങൾ മറച്ച് വെയ്ക്കപ്പെട്ടതായോ തെറ്റായ വിവരങ്ങൾ നൽകിയിട്ടുള്ളതായോ കണ്ടെത്തുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ തന്നെ പ്രസ്തുത നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

Digitally signed by
Dr M C Rejil
Date: 19-01-2026
12:51:58

Dr M C REJIL IAS

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ശ്രീമതി. സരിത പി , അറ്റൻഡന്റ്, വെറ്ററിനറി ഡിസ്പെൻസറി, നെല്ലിയാംപതി, പാലക്കാട് ( നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

2) ജില്ലാ മൃഗസംരക്ഷണ ഓഫീസർ, പാലക്കാട്, കോഴിക്കോട്.

3) ഐ റ്റി സെക്ഷൻ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

4) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

5) സി എ ടു ഡയറക്ടർ, എസ് എ ഒ

6) കരുതൽ ഫയൽ കെ1